(സി) സാനിട്ടറി ഇൻസ്പെക്ടർ ഉദ്യോഗത്തിനും സാനിട്ടറി അസിസ്റ്റണ്ട് ഉദ്യോഗത്തിനും നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത വ്യത്യസ്ഥമാകയാൽ ഈ ഉദ്യോഗങ്ങൾക്കും ഒരേ കേഡറാക്കുന്നതിൽ സാനിട്ടറി ഉദ്യോഗസ്ഥന്മാർക്ക് പരാതി ഉള്ളതായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ട്.

(ബി) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിന്നും നടത്തുന്ന വാക്സിനേഷനും, സാനിട്ടറിയും ടെസ്റ്റ്.

(സി) ഉണ്ട്.

ഗ്രേഡേഷൻ ലിസ്റ്റ്

*൨൪൩. (നു ൬) ശ്രീ. എസ്സ്. കുട്ടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്ക് ഹെൽത്ത് ഡയറക്ടരുടെ ശുപാർശപ്രകാരം ഗവണ്മെന്റ് സ്റ്റാഫിന്റെ സീനിയാർട്ടി നിശ്ചയിക്കുന്നതിനു ഒരു ഗ്രേഡേഷൻ ആഫീസറെ നിയമിച്ചു ഗ്രേഡേഷൻ ലിസ്റ്റ് തയാറാക്കിട്ടുണ്ടോ;

(ബി) ആ ലിസ്റ്റ് തയാറാക്കിയിട്ട് എത്ര കാലമായി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി:(ശ്രീ. എ. ജോൺ): (എ) ഉണ്ട്.

(ബി) ഒരു വർഷത്തിൽ കൂടുതലായി.

പബ്ലിക്ക ഹെൽത്ത്

*൨൪൪. (നു നു) ശ്രീ. എസ്സ്. കുട്ടൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പബ്ലിക്ക ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിശ്ചിത പരീക്ഷായോഗ്യതകളുള്ളവരും ദീർഘകാലം സർവ്വീസുള്ളവരുമായ സ്റ്റാഫിന്റെ സീനിയാറിട്ടിയെ അവഗണിച്ച് മലേറിയാ നിവാരണജോലികൾക്ക ചില സാനിട്ടറി അസിസ്റ്റണ്ടുമാർക്ക് പ്രമോഷൻ കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു എത്ര തസ്തികയുടെ അടിസ്ഥാനപ്പെടുത്തിയാണു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ എ. ജെ. ജോൺ):

൧൯൫൬-നും ൧൯൫൯-നും ഇടയ്ക്കു ചില നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മലേറിയ രോഗനിവാരണ സ്റ്റാഫ് താല്ക്കാലികമായി നിയമിക്കപ്പെട്ടിരുന്നതാകയാലും കാര്യക്ഷമതയെ പുരസ്കരിച്ചുമായിരിക്കണം ഈ നിയമങ്ങൾ നടത്തിയതു.

മന്ത്രിമാരുടെ സഞ്ചാരച്ചിലവു്

*൨൪൫. (നു വ) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മന്ത്രിമാരുടെ സഞ്ചാരത്തിനു എല്ലാഇനത്തിലുംകൂടി എത്ര രൂപ ചിലവു വന്നിട്ടുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

൧൭,൭ ൭ ൦൯. ൨൩. ൫൦ സ. ചിലവായിട്ടുണ്ട്.

വില്ലന നികുതി

*൨൪൬. (നു൮) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

ചക്കര സൊസൈറ്റികളിൽനിന്നും വസൂൽചെയ്യുവരുന്ന വില്പനനികുതി ഒഴിവാക്കിക്കിട്ടണമെന്നുള്ള സൊസൈറ്റികളുടെ അപേക്ഷകൾ ഗവൺമെണ്ടിലേക്ക് ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ട്.

ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ബിൽ

*൨൪൭. (൭൯) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ബിൽ തോട്ടം തൊഴിലാളികൾക്കും ബാധകമാക്കികൊണ്ടുള്ള ഭാഗം നിയമപ്രകാരം സാധുവല്ലെന്ന എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വിധിയുടെ ഫലമായി ഉണ്ടായിട്ടുള്ള തടസ്സങ്ങൾക്ക് വല്ല പ്രതിവിധിയും ഗവൺമെണ്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അവാർഡിന്മേൽ തൊഴിലാളികൾ ബാംബെ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ കൊടുത്തിട്ടുണ്ട്. ഈ അപ്പീലിൽ, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ തോട്ടം തൊഴിലാളിതർക്കങ്ങൾക്കും ബാധകമാണെന്നുള്ള ഗവൺമെണ്ടിന്റെ പക്ഷം വാദിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) എ.യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

സീതറാംമിൽ തൊഴിൽ കുഴപ്പം

*൨൪൮. (൭൨) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) സീതാറാംമിൽ തൊഴിൽ കുഴപ്പത്തിൽ അഡ്ജൂഡിക്കേറ്ററുടെ അവാർഡു മുഴുവൻ നടപ്പിലാക്കിയിട്ടില്ലെന്നുള്ള ആക്ഷേപത്തെ തുടർന്ന് ആയതു പരിശോധിക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ റിപ്പോർട്ട് ഗവൺമെണ്ടിലേക്ക് സമർപ്പിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉവ്വ്.

(ബി) ഉവ്വ്.

Unstarred Questions posted for Answer on 28th February 1951

പബ്ലിക്ക് ലൈബ്രറി

൨൦ ശ്രീ എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ ഏതു പ്രതിദിനപത്രങ്ങളും വാരികകളും തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിക്കുവേണ്ടി ഗവൺമെണ്ടിൽനിന്നും വരുത്തുന്നു, അവ ഏതെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ): തിരുവനന്തപുരംപബ്ലിക്ക് ലൈബ്രറിക്ക് വേണ്ടി, ഗവൺമെണ്ടിൽനിന്നും വരുത്തുന്ന തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ പ്രതിദിനപത്രങ്ങളും വാരികകളും ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly